"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ബിന്ദു.ടി.കെ., ഡോ.മംഗളകുമാരി.എം. എന്നിവർക്ക് സീനിയർ കൺസൾട്ടന്റ് (പാത്തോളജി) തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റവും നിയമനവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.934/2025/H&FWD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.01.2025-ലെ ഇ.ബി1-30096/2024/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സ.ഉ.(അച്ചടി) നം.52/2022/ആകുവ തീയതി 27.09.2022 ഭേദഗതി പ്രകാരം ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ വിശേഷാൽചട്ടത്തിൽ Branch D ആയി ചേർത്തിരുന്ന പബ്ലിക് ഹെൽത്ത് ലബോറട്ടറി കേഡർ, ബ്ലഡ് ബാങ്ക് കേഡർ എന്നിവ നീക്കം ചെയ്യുകയും പകരം Branch C-യിൽ category 16, 17, 18, 19 ആയി പാത്തോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി, ഇമ്മ്യൂണോ ഹീമറ്റോളജി & ബ്ലഡ് ട്രാൻസ്ഫ്യൂഷൻ എന്നീ വിഭാഗങ്ങളായി വേർതിരിച്ച് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. വിശേഷാൽചട്ട ഭേദഗതി ഉത്തരവ് പ്രകാരമുള്ള തസ്തിക പുനഃക്രമീകരണം നടന്നു വരുന്നതേ ഉള്ളൂ എന്നും, ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടി തസ്തികകളിൽ നിയമനം നടത്തുവാൻ കഴിയുകയുള്ളൂ എന്നും, ആയതിനാൽ 31.05.2025-ന് സർവീസിൽ നിന്നും വിരമിക്കുന്ന പാത്തോളജി വിഭാഗം കൺസൾട്ടന്റ് ഡോ.മംഗള കുമാരിക്കും, സീനിയോരിറ്റി പട്ടികയിൽ ടിയാളുടെ സീനിയർ ആയ ഡോ.ബിന്ദു.ടി.കെ.-ക്കും കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 31 (a) (i) പ്രകാരം സീനിയർ കൺസൾട്ടന്റ് (പാത്തോളജി) ആയി താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചു നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. താത്കാലിക സ്ഥാനക്കയറ്റത്തിനായി നിർദ്ദേശിക്കപ്പെട്ടവരിൽ ഒരാൾ 31/05/2025-ന് വിരമിക്കുമെന്നതും, സ.ഉ.(സാധാ)നം.2597/2024/ആകുവ തീയതി 31/10/2024 പ്രകാരം ഇതേ വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് താത്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്നു എന്നതും കണക്കിലെടുത്ത് പാത്തോളജി വിഭാഗം

കൺസൾട്ടന്റ്മാരായ ഡോ.ബിന്ദു.ടി.കെ., ഡോ.മംഗളകുമാരി.എം. എന്നിവർക്ക് കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 31 (a) (i) പ്രകാരം സീനിയർ കൺസൾട്ടന്റ് (പാത്തോളജി) തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി ചുവടെ പട്ടികയിൽ പറയും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിലെ സ്ഥാപനം | സ്ഥാനക്കയറ്റാനന്തരം നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | ഡോ.ബിന്ദു.ടി.കെ.<br>കൺസൾട്ടന്റ് (പാത്തോളജി)<br>(PEN-483656)<br>സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്,<br>തിരുവനന്തപുരം. | സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലാബ്, തിരുവനന്തപുരം. |
| 2 | ഡോ.മംഗളകുമാരി.എം.<br>കൺസൾട്ടന്റ് (പാത്തോളജി),<br>(PEN-591778)<br>ഡിസ്ട്രിക്സ് പബ്ലിക് ഹെൽത്ത് ലാബ്,<br>ആലപ്പുഴ | റീജിയണൽ ലാബ്, എറണാകുളം. |

3) ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് പി.ഡി.എഫ്. രൂപത്തിൽ ഔദ്യോഗിക വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യേണ്ടതും, ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/എറണാകുളം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/56/2025)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Anupama G Nair
Date: 27-03-2025 18:46:29

**<u>മേലെഴുത്തു നം. ഇ.ബി1 -30096/2024/ആ.വ.ഡ തീയതി 31-03-2025</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 31-03-2025 08:53:37

ആരോഗ്യ വകുപ്പ് ഡയറക്ടർ